**ഇന്ത്യാ- ചൈന സമുദ്രസംബന്ധമായ കാര്യങ്ങളിലെ ഉദ്ഘാടന ചര്ച്ച**

ഫെബ്രുവരി 04, 2016

ഇന്ത്യാ- ചൈന സമുദ്രസംബന്ധമായ കാര്യങ്ങളിലെ ഉദ്ഘാടന ചര്ച്ച ഇന്ന് ന്യൂഡല്ഹിയില് നടന്നു . ഇന്ത്യയുടെ പ്രതിനിധികളെ , കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ( നിരായുധീകരണം& അന്താരാഷ്ട്ര സുരക്ഷാ കാര്യങ്ങള് ) ശ്രീ അമന്ദീപ് സിംഗ് ഗില് നയിച്ചു, ചൈനയുടെ പ്രതിനിധികളെ ചൈനയുടെ വിദേശകാര്യമന്ത്രാലയത്തിലെ സഹ മന്ത്രി ശ്രീ കോംഗ് സുവാന്യു നയിച്ചു

ഐക്യ രാഷ്ട്രങ്ങളുടെ സമുദ്ര നിയമ കരാര് ( The United Nations Convention on the Law of the Sea (UNCLOS), അന്താരാഷ്ട്ര സമുദ്രസംബന്ധ സംഘടന (The International Maritime Organization (IMO), എന്നീ അന്താരാഷ്ട്ര ഭരണവ്യവസ്ഥകളിലെ മാറ്റങ്ങള് , സമുദ്രസംബന്ധ സുരക്ഷ വിനിമയത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് , സമുദ്രസംബന്ധ സഹകരണത്തിലെ പ്രതീക്ഷകള് എന്നിവ ഉള്പ്പടെ പരസ്പരം താത്പര്യമുള്ള വിഷയങ്ങള് ചര്ച്ചയില് അവലോകനം ചെയ്യപ്പെട്ടു . പരസ്പരം സൌകര്യപ്രദമായ തീയതിയില് ബെയ്ജിംഗില് അടുത്ത ഘട്ട ചര്ച്ച നടക്കും

ന്യൂഡല്ഹി
ഫെബ്രുവരി 4, 2016